ത്തിൽ പുറപ്പെട്ട 'ഗോമതി'യിലെ ഒരു ലക്കത്തിൽ പ്രസിദ്ധംചെയ്തതും അനേകം പണ്ഡിതന്മാർ പലതരത്തിൽ അത്ഥം വിവരിച്ചെഴുതിയതും ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഛ) ഇതുയും അത്ഥവ്യത്യാസവും അഭിപ്രായവ്യത്യാസവും ഉള്ള ശ്ലോകങ്ങളടങ്ങിയ പുസ്തകങ്ങൾ പാഠ്യപുസ്തകങ്ങളായി എടുക്കാതിരിപ്പാൻ ഗവമ്മെണ്ടു് വേണ്ട ഏർപ്പാടുകൾ ചെയ്യുവാൻ ഭയവുണ്ടാകുമോ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— (ഛ) ഉവ്വ്.

(ഛ) സർവ്വവിധത്തിലും യോഗ്യമായ പാഠ്യപുസ്തകങ്ങൾ തിരഞ്ഞെടുക്കുന്ന വിഷയത്തിൽ സാധാരണയായി വളരെ ശ്രദ്ധവെക്കാറുണ്ടു്. ഒരു സുപ്രസിദ്ധ കവിയുടെ അതിവിശിഷ്ടമായ ഒരു പദ്യകൃതിയിൽ ഒരു ശ്ലോകം അല്പം കഠിനമാണെന്നുള്ളതുകൊണ്ടു മാത്രം ആ കാവ്യം കുട്ടികളെ പഠിപ്പിക്കേണ്ടെന്നു വക്കുന്നതു് ന്യായമായി വിചാരിക്കത്തക്കതല്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ *(Adur)*.— ഇതിൽ പറയുന്ന ശ്ലോകം എന്താണെന്നു പറയാമോ?

റാവു സാഹിബ്ബു് ഐ. എൻ. മേനോൻ *(Director of Public Instruction)*.— ശ്ലോകം ചൊല്ലാൻ നിവൃത്തിയില്ല. അതു് കാണാതെ പഠിച്ചിട്ടില്ല.

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.— കുട്ടികളെ പഠിപ്പിക്കേണ്ട ആവശ്യത്തിനല്ലേ ഇതു് ടെക്സ്റ്റ് ബുക്ക കമ്മറിക്കാർ അംഗീകരിച്ചിട്ടുള്ളതു്?

റാവു സാഹിബ്ബു് ഐ. എൻ. മേനോൻ *(Director of Public Instruction)*.— കാവ്യങ്ങളിൽ കുറച്ചു ശ്ലേഷയോ, മിസ്റ്റിസിസമോ ഒക്കെ ഉണ്ടാകും, എന്നുവച്ചു് ആ പുസ്തകം ബഹിഷ്കരിക്കണമെന്നു പറയുന്നതു് ശരിയല്ല.

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.— തീരെ മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുള്ള വേറെ വല്ല ഭാഗങ്ങളും ഈ പുസ്തകത്തിലുണ്ടോ?

റാവു സാഹിബ്ബു് ഐ. എൻ. മേനോൻ *(Director of Public Instruction)*.— പത്രങ്ങളിൽ ഈ ശ്ലോകത്തിനു പലേ വ്യാഖ്യാനങ്ങളും കാണുന്നതുകൊണ്ടു് ഇതു കുട്ടികളെ പഠിപ്പിച്ചിട്ടില്ലെന്നു വിചാരിക്കേണ്ട; പഠിപ്പിച്ചിട്ടുണ്ടു്.

Aided Schools—Grant Rules—revision of.

ഈഴവ. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെൻറു് ഭയവായി മറുപടി പറയുമോ:—

LIBRARY ARCHIVES Kerala Legislative Assembly

(ഗ) ഗ്രാൻറു വിദ്യാലയങ്ങളിൽ ഓരോ ക്ലാസിന്നും മുഴുവൻ ഗ്രാൻറു് അനുവദിപ്പാൻ നിയമപ്രകാരം ഗവമ്മെണ്ടു് നിഷ്കർഷിച്ചിരുന്ന minimum strength എത്രയായിരുന്നുവെന്നു പറയാമൊ;

(ഘ) ആ വ്യവസ്ഥക്കു ഇപ്പോൾ വല്ല വ്യത്യാസവും വരുത്തീട്ടുണ്ടോ; ഉണ്ടെങ്കിൽ

(ങ) ആ വ്യത്യാസവും അതിനുള്ള താൽക്കാലിക കാരണങ്ങളും വിശദീകരിക്കാമൊ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— (ഗ) പെൺപള്ളിക്കൂടങ്ങളിൽ ൨൦-ം, ആൺ പള്ളിക്കൂടങ്ങളിൽ ൩൦-ം ആയിരുന്നു.

(ഘ) ഉവ്വ്.

(ങ) ഫാറ്റാ എടവം ഫൻ-ാംനു മുതൽ മേല്പറഞ്ഞ രണ്ടുതരം സ്കൂളുകളിലും ൩൦ കുട്ടികൾ വേണം എന്നാക്കീട്ടുണ്ടു്.

ആദ്യം പറഞ്ഞിട്ടുള്ള വ്യവസ്ഥ ഫാൻനു-ൽ ചെയ്തതാണു്. അതിന്നുശേഷം സ്കൂളുകളിൽ കുട്ടികളുടെ സംഖ്യ ധാരാളം വർദ്ധിച്ചിട്ടുണ്ടു്. അതുകൊണ്ടു രണ്ടുതരം സ്കൂളുകൾക്കും വ്യത്യാസംകൂടാതെ ൩൦ എന്നു നിശ്ചയിക്കുന്നതിൽ യാതൊരു വൈഷമ്യവും ഇല്ലെന്നു തോന്നീട്ടാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— സംഖ്യ ഇത്ര വർദ്ധിച്ചിട്ടുണ്ടു എന്നു പറഞ്ഞു ഈ വ്യത്യാസം വരുത്തിയില്ലെങ്കിൽ വല്ല ദോഷവും വരാനുണ്ടോ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— ഒരു വൈഷമ്യമുണ്ടു്. സാധാരണയായിട്ടു ഫ൫-ം ൨൦-ം കുട്ടികളുണ്ടെങ്കിൽ ഒരു സ്കൂൾ തുടങ്ങാമെന്നു പതിവുണ്ടായിരുന്നു. അനാവശ്യമായിട്ടു് സർക്കാരിൻെറ പണം വ്യയംചെയ്യുവാൻ ഇടവരരുതു് എന്നു വിചാരിച്ചിട്ടാണു് ഇങ്ങനെ തീർച്ചയാക്കിയതു്. അടുത്ത രണ്ടു സ്കൂളുകൾ വയ്ക്കും. രണ്ടിലും ൨൦-ം ൨൫-ം വീതം കുട്ടികൾ ഉണ്ടാകും. രണ്ടിനും ഗവമ്മെൻറിൽനിന്നു ഗ്രാൻറു കൊടുക്കണം. ഒന്നുകൂടി പറയാനുള്ളതു് ഇതുകൊണ്ടു ഏതെങ്കിലും കായ്മയിട്ടുള്ള ബുദ്ധിമുട്ടുണ്ടെങ്കിൽ അവർക്കു എക്സംപ്ഷൻ കൊടുത്തിട്ടുണ്ടു എന്നാണു്.

മിസ്റ്റർ പി. കെ. കൃഷ്ണൻകുട്ടി *(Anthikad)*.— ഇതുതന്നെയാണൊ സർക്കാർ സ്കൂളുകളിലേയും നിയമം?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— അതെ, ഇതുതന്നെയാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— വണ്ണാമട സ്കൂളിൽ മൂന്നും നാലും ക്ലാസ്സിൽ എത്ര കുട്ടികൾ വീതമുണ്ടെന്നു പറയുമൊ?

LIBRARY ARCHIVES Kerala Legislative Assembly

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— നോട്ടീസു വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— അവിടെ ഓരൊ ക്ലാസ്സിലും മിനിമം ഇരുപതുക്രുടിയില്ലെന്ന് അറിയാമൊ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— അവിടെ ചിലപ്പോൾ 40 ഇല്ലെന്നു വന്നേക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— മിനിമം ഇരുപതാക്കിയതുകൊണ്ടു ദോഷംവന്നതായിട്ടു ഗവമ്മെൻറിനറിയാമൊ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— 40 ആക്കിയതുകൊണ്ടു സ്കൂളിനല്ല ദോഷം സക്കാരിന്നാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— മാനേജ് മേൻറിന്ന് ദോഷമായിട്ടുണ്ടെന്നറിയാമൊ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— മാനേജ്മെൻറിന് പ്രൊപ്പോർഷനായിട്ടു കുറച്ചു ദോഷമാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— മാക്സിമം 40 കുട്ടികളില്ലെങ്കിൽ ക്ലാസു വേണ്ടെന്നുവെക്കുവാൻ പറഞ്ഞിട്ടുണ്ടൊ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— വേണ്ടെന്നുവെക്കുവാൻ പറഞ്ഞിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— അദ്ധ്യാപകന്മാക്ക ശരിയായി ശമ്പളം കൊടുക്കാത്തതിന്ന് ഗവമ്മെൻറിൻെറ അടുത്തു് ആക്ഷേപം ബോധിപ്പിച്ചാൽ ഗവമ്മെൻറു് ആ കാര്യത്തിൽ വല്ലതും ചെയ്യുമൊ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— അതു് ഈ കാര്യത്തിൽ മാത്രമല്ല, വേറെ ഏതെങ്കിലും കാര്യത്തിലും മാനേജ്മെൻറിൽനിന്നും അവക്ക നിശ്ചയിച്ചിരിക്കുന്ന ശമ്പളം കിട്ടുന്നില്ലെന്ന അക്ഷേപം വന്നാൽ അതിന്ന ശരിയായി വേണ്ടതു് ചെയ്യാറുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഗവമ്മെൻറിൽനിന്നും കൊടുത്തുവരുന്ന തോതനുസരിച്ചു് അദ്ധ്യാപകന്മാക്ക കൊടുക്കാമൊ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— അതു സമ്മതിച്ചിട്ടില്ല. ബാക്കിയുള്ളതു് മാനേജ്മെൻറിൽനിന്ന കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— വല്ല ഗ്രാൻറു സ്കൂളുകളിൽനിന്നും ഗവമ്മെൻറിലേക്കു ഇതിനെ സംബന്ധിച്ചു ആക്ഷേപം കിട്ടീട്ടുണ്ടോ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— ഇതിനെ സംബന്ധിച്ചു ആക്ഷേപമുണ്ട്. ഇതു കൊണ്ടു ഏതെങ്കിലും വിദ്യാലയത്തിന്നു വാസ്തവത്തിൽ വൈഷമ്യം നേരിട്ടിട്ടുണ്ടെന്നു് അറിഞ്ഞാൽ അതിനൊക്കെ എക്സംപ്ഷൻ കൊടുത്തിട്ടുണ്ടു്. അതുകൊണ്ടു് ഈ രൂപം മാറണമെന്നു് തോന്നുന്നില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ *(Vadakkanchery)*.— ഒരദ്ധ്യാപകന്നു് മാക്സിമം എത്ര കുട്ടികളെ പഠിപ്പിക്കാൻ സാധിക്കുമെന്നാണു് ഗവമ്മെൻറിൻെറ വിചാരം?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— അതു് വിശാലമായ മനഃശാസ്ത്രതത്വത്തെ അനുസരിച്ചുള്ള ഒരു കാര്യമാണു്. ഒന്നാമതു് കുട്ടികളുടെ നില നോക്കണം. എങ്കിലും 60 കുട്ടികളെ പഠിപ്പിക്കുന്നതിനു വലിയ വിഷമമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ *(Vadakkanchery)*.— ഫീഫീസ് ഇടവം മുതൽക്കു ഓരോ ക്ലാസ്സിലും 60 കുട്ടികളെ വച്ചു് പഠിപ്പിച്ചുകൊള്ളണമെന്നും അതിൽ കൂടുതൽ ആയാലെ ഡിവിഷൻ തിരിക്കുവാൻ പാടുള്ളൂവെന്നും ഒരു ആഡർ കൊടുത്തിട്ടുണ്ടോ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— തൽക്കാലത്തേക്കായിട്ടു ഒരു റൂളുണ്ടാക്കീട്ടുണ്ടു്. അതു് ഇപ്പോഴത്തെ ഗവമ്മെൻറിൻെറ ധനസ്ഥിതികൊണ്ടാണു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ *(Vadakkanchery)*.— ഇതു കുട്ടികളുടെ പഠിപ്പിനു വൈഷമ്മ്യം ഉണ്ടാക്കുമെന്നു ഗവമ്മെൻറിനറിയാമോ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— വൈഷമ്മ്യമില്ല. കുറച്ചുകൂടി കഴിഞ്ഞാൽ നന്നായിരിക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഇതിനു മുമ്പു് മാക്സിമം എന്തായിരുന്നു?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— സ്കൂൾ വളരെ കുറവായിരുന്ന കാലത്തു് 60 ആയിരുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഈ നിയമം സർക്കാർ സ്കൂളുകളെ ബാധിക്കുന്നതാണൊ?

LIBRARY ARCHIVES Kerala Legislative Assembly

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— സക്കാർ സ്കൂളിനെയും ബാധിക്കുന്നതാണ്.

Half-time System in Schools.

163. Mr. T. A. Ramachandra Ayyar *(Nellayi)*.—Will the Government be pleased to give a list of schools in the State with the number of classes in which half-time system exists at present;

do the Government propose to abolish this system?

Rao Sahib I. N. Menon *(Director of Public Instruction)*.— Please see list appended. *(Appendix II)*.

The system can be abolished altogether only when funds are available to sanction additional posts of teachers.

Mr. T. A. Ramachandra Ayyar *(Nellayi)*.—When do such schools work?

Rao Sahib I. N. Menon *(Director of Public Instruction)*.— The Schools work under two shifts. In the morning session one set of children is taught.

Mr. T. A. Ramachandra Ayyar *(Nellayi)*.— From what time?

Rao Sahib I. N. Menon *(Director of Public Instruction)*— That is not fixed. The session is from 10 to 4-30. In certain cases it begins from half past nine and ends at four. In any case it won't begin earlier than half past nine (Local time). In cases where teachers do not wish or students do not wish to remain after 4 they begin earlier.

Mr. T. A. Ramachandra Ayyar *(Nellayi)*.— Students are to go back after 12 O' clock and the second set is to come after 12 O' clock.

Rao Sahib I. N. Menon *(Director of Public Instruction)*.— In many cases. When there are brothers and sisters they always come together and they also return at the same time. The half time system is followed not because that it is an ideal system. Government are trying to make the best of a bad job.

Mr. T. A. Ramachandra Ayyar *(Nellayi)*.—What will be the commitment of the Government if this half time system is abolished?

Rao Sahib I. N. Menon *(Director of Public Instruction)*.— We have been abolishing these little by little. About 5 years ago there were at least 20 or 30. Gradually we are abolishing

LIBRARY ARCHIVES Kerala Legislative Assembly